# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം . 3698 — 20.10.2016 ൽ മറുപടിക്ക്

### പത്താംക്ലാസ് തുല്യതാ പരീക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.എം.ആരിഫ് | | പ്രൊഫ :സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | പത്താംക്ലാസ് (എസ്.എസ്.എൽ.സി) തുല്യതാ പരീക്ഷ വിജയിച്ചിട്ടുളളവർക്ക് സംസ്ഥാന ഓപ്പൺ സ്കൂളിൽ പ്ലസ് ടു -വിന് ചേരുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ;ഉണ്ടെങ്കിൽ അറിയിക്കുമോ; | എ) | പത്താംതരം തുല്യതാപരീക്ഷ വിജയിച്ചവർക്ക് സംസ്ഥാന ഓപ്പൺ സ്കൂളിൽ പ്ലസ് ടു കോഴ്സിലേക്ക് ചേരുന്നതിന് നിയമതടസ്സമില്ല. |
| ബി) | എസ്.എസ്.എൽ.സി (റഗുലർ) പാസ്സായവർക്കും തുല്യതാ പത്താം ക്ലാസ് പാസ്സായവർക്കും സാക്ഷരതാ മിഷൻ നടത്തുന്ന ഹയർ സെക്കൻഡറി തുല്യതാ കോഴ്സിൽ ചേരുന്നതിന് യോഗ്യതയുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ടോ; | ബി) | എസ്.എസ്.എൽ.സി (റഗുലർ) പാസായവർക്ക് ഹയർസെക്കണ്ടറി തുല്യതാകോഴ്സിൽ ചേരുന്നതിന് മിനിമം 22 വയസ്സ് പൂർത്തിയായിരിക്കണം. പത്താംതരം തുല്യത പാസായവർക്ക് പ്രായപരിധിയില്ല. |
| സി) | എങ്കിൽ ഒരേ തരത്തിലുള്ള കോഴ്സുകൾ, ഒരേ കാലയളവിൽ രണ്ടു സ്ഥാപനങ്ങൾവഴിനടത്തപ്പെടുന്നതി ലെ യുക്തി എന്താണെന്ന് വ്യക്ത മാക്കുമോ; | സി) | സർക്കാർ ഉത്തരവനുസരിച്ച് ഹ്യുമാനിറ്റിസ്, കൊമേഴ്സ് ഗ്രൂപ്പുകൾ നടത്തുന്നതിനാണ് സർക്കാർ സാക്ഷരതാമിഷന് അനുമതി നൽകിയിട്ടുള്ളത്. ഓപ്പൺ സ്കൂൾ നടത്തുന്ന ഹയർസെക്കണ്ടറി കോഴ്സ് ഔപചാരിക വിദ്യാഭ്യാസത്തിലെ സിലബസ് അനുസരിച്ചാണ് നടത്തിവരുന്നത്. എന്നാൽ സാക്ഷരതാമിഷൻ നടത്തുന്ന ഹയർസെക്കണ്ടറി തുല്യതാകോഴ്സ് അനൗപചാരിക വിദ്യാഭ്യാസ രീതിയിൽ പഠിച്ചുവരുന്ന മുതിർന്ന പഠിതാക്കളുടെ ബോധനശാസ്ത്രം ഉൾപ്പെടുത്തി വ്യത്യസ്ത കാലയളവിൽ മലയാളം മീഡിയത്തിലാണ് സിലബസ് തയ്യാറാക്കി പഠനം നടത്തിവരുന്നത്. |

| | | | |
|---|---|---|---|
| ഡി) | ഇതു സംബന്ധിച്ച് ആരെങ്കിലും വകുപ്പിന് രേഖാമൂലം പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | ഡി) | ഇല്ല. |
| ഇ) | സാക്ഷരതാമിഷൻ നടത്തുന്ന ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് ഹ്രസ്വകാല പ്ലസ് ടു കോഴ്സായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) | ഹയർ സെക്കണ്ടറി തുല്യത രണ്ട് വർഷത്തെ കോഴ്സാണ്. ഹ്രസ്വകാല പ്ലസ് ടു കോഴ്സായി നടത്താൻ ഇപ്പോൾ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ